**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3** **27.02.2017 ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ്**

| | ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| എ) | സെക്രട്ടറിയേറ്റിൽ എല്ലാ സെക്ഷനുകളിലും ഇ-ഓഫീസ് നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ; | (എ) | സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലും സെക്ഷനുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ആഭ്യന്തരം, വിജിലൻസ് എന്നീ വകുപ്പുകളിലെ ചില സെക്ഷനുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിലുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഫയലുകൾ ഫിസിക്കലായി കൈകാര്യം ചെയ്തു വരുന്നുണ്ട്. പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ പ്രോസസിംഗിലേക്ക് മാറുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്. |
| (ബി) | ഇ-ഓഫീസ് കുറിപ്പ് ഫയലിനകത്ത് ഇംഗ്ലീഷും മലയാളവും ഇടകലർത്തി എഴുതുന്നതിനെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | പൊതുജനങ്ങളിൽ നിന്നും ഇംഗ്ലീഷിൽ ലഭിക്കുന്ന കത്തുകൾ കൂടാതെ കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാർ ഏജൻസികൾ , സംസ്ഥാനത്തിന് പുറമേയുള്ള മറ്റു ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കത്തിടപാടുകളും ഫയൽ കൈകാര്യം ചെയ്യലും പൂർണ്ണമായി മലയാളത്തിൽ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ മലയാളവും ഇംഗ്ലീഷും ഇടകലർത്തി എഴുതുന്നതിന് നിയന്ത്രണമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. |
| (സി) | ഇ-ഓഫീസ് ഫയൽ നീക്കം പൊതുജനങ്ങൾക്ക് അറിയുന്നതിനായി എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (സി) | ഇ-ഓഫീസിലൂടെ കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളും ട്രാക്ക് ചെയ്യുവാൻ കഴിയും. മാത്രമല്ല, ഫിസിക്കലായി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചലനവും ഇ-ഓഫീസിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്ക് ഇ-ഓഫീസിൽ കൈകാര്യം ചെയ്യുന്ന ഏതൊരു ഫയലിന്റെയും വിവരങ്ങൾ ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് **(http://eoffice.kerala.gov.in)** മുഖേന ഐ.ഡിയോ, പാസ്-വേഡോ ഇല്ലാതെ തന്നെ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും. |
| (ഡി) | ഏതൊക്കെ സെക്ഷനുകളാണ് ഇ-ഓഫീസ് റസീപ്റ്റ് നമ്പർ തന്നെ ഫയൽ നമ്പർ ആക്കിയിരിക്കുന്നതെന്നും പ്രസ്തുത രീതി ശരിയാണോയെന്നും വിശദമാക്കുമോ? | (ഡി) | പല വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് പൂർണ്ണമായി മാറിയപ്പോൾ, വകുപ്പുകളിൽ പുതുതായി വരുന്ന തപാലുകളുടെ റസീപ്റ്റ് നമ്പർ തന്നെ ഫയൽ നമ്പരാക്കി കൈകാര്യം ചെയ്യുന്ന പ്രവണത കർശനമായി വിലക്കിക്കൊണ്ട്, വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ